# മണൽപ്പുറത്തേക്ക് ഭക്തരൊഴുകുന്നു

ആലുവ : പിതൃതർപ്പണത്തിന് ഇത്തവണ അഭൂതപൂർവ്വമായ തിരക്ക്. ആലുവ മണൽപ്പുറത്ത് രാത്രി 12 മണിയോടെ ആരംഭിച്ച ബലി കർമ്മങ്ങൾ ഇപ്പോഴും തുടരുകയാണ്. മുൻ വർഷങ്ങളിലേക്കാളും ജനത്തിരക്കായിരുന്നു ഇത്തവണ. ഇന്നലെ ഉച്ചയോടെ തന്നെ ഭക്തജനങ്ങൾ മണൽപ്പുറത്തേക്ക് വന്ന് തുടങ്ങിയിരുന്നു. വൈകിട്ട് ദീപാരാധന തൊഴുത് ഭക്തജനങ്ങൾ മണൽപ്പുറത്ത് തങ്ങുകയായിരുന്നു. രാത്രി 8 മണിയോടു കൂടി മണൽപ്പുറം ജനസഹസ്രങ്ങളെ കൊണ്ട് നിറഞ്ഞു. താത്ക്കാലിക പാലത്തിലൂടെ ആയിരക്കണക്കിന് ഭക്തജനങ്ങളാണ് മണൽപ്പുറത്തെത്തിയത്. രാത്രി നടന്ന ശിവരാത്രി വിളക്കിന് ശേഷം ബലിതർപ്പണം ആരംഭിച്ചു. 600 ഓളം ബലിത്തറകൾ ദേവസ്വം ബോർഡും, നഗരസഭയും ചേർന്ന് ഒരുക്കിയിരുന്നു. ഭക്തരുടെ സുരക്ഷ കണക്കിലെടുത്ത് പെരിയാറിൽ രക്ഷാപ്രവർത്തനത്തിന് നേവി, ഫയർഫോഴ്സ്, പൊലീസ്, പ്രത്യേകമുങ്ങൽ വിദഗ്ധർ തുടങ്ങിയവരുടെ സംഘം സ്പീഡ് ബോട്ടിൽ ജാഗരൂകരായിരുന്നു. രാത്രി ഐജി പത്മകുമാർ മണൽപ്പുറത്തെത്തി സുരക്ഷാ സംവിധാനം പരിശോധിച്ചു. രാത്രിയായതോടെ മണൽപ്പുറത്ത് ഭക്തജനങ്ങൾക്ക് ഇരിക്കാൻ പോലും സ്ഥലമില്ലാത്ത അവസ്ഥയായിരുന്നു.

ഭക്തജനങ്ങൾക്ക് മതിയായ സൗകര്യം ഒരുക്കണമെന്ന് വിധിയുണ്ടായിട്ടും ദേവസ്വം ബോർഡിന്റെ ഭാഗത്തു നിന്നും അനുകൂല സമീപനം ഉണ്ടായില്ല. കുംഭമാസത്തിലെ കറുത്ത വാവ് ചൊവ്വാഴ്ചയും ഉള്ളതിനാൽ ബലിതർപ്പണം ഇന്ന് സന്ധ്യവരെ നടത്തും. നഗസഭ ഒരുക്കിയിരിക്കുന്ന വ്യാപാര മേളയിൽ ആദ്യദിനം തന്നെ വൻ തിരക്കായിരുന്നു. വിനോദമേളകളിലും വൻ ജനസാന്നിദ്ധ്യമായിരുന്നു അനുഭവപ്പെട്ടത്. പൊലീസിന്റെ കുറ്റമറ്റ ട്രാഫിക് പരിഷ്ക്കാരം ഇത്തവണ ജനങ്ങൾക്ക് വലിയ ആശ്വാസമായി. ഗതാഗത തടസ്സം ഇല്ലാതെ ഭക്തർക്ക് മണൽപ്പുറത്ത് എത്താൻ സാധിച്ചു. നഗരസഭാ ചെയർമാൻ എം. ടി. ജേക്കബിന്റെ നേതൃത്വത്തിൽ കൗൺസിലർമാരും ജീവനക്കാരും സേവന സന്നദ്ധരായി രാത്രി മുഴുവൻ മണൽപ്പുറത്തുണ്ടായിരുന്നു. മണൽപ്പുറത്തെ താത്ക്കാലിക ഓഫീസിൽ വൈകിട്ട് കൗൺസിൽ ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി.



ആലുവ : കലാകൗമുദി പബ്ലിക്കേഷൻസിന്റെ ശിവരാത്രി പതിപ്പായ മുഹൂർത്തം മാസികയുടെ പ്രകാശനം ആലുവ മണൽപ്പുറത്ത് കലാകൗമുദി സ്റ്റാളിൽ നടന്നു. അൻവർസാദത്ത് എംഎൽഎ മുഹൂർത്തത്തിന്റെ കോപ്പി നഗരസഭ ചെയർമാൻ എം. ടി. ജേക്കബിന് നൽകി പ്രകാശനം നിർവ്വഹിച്ചു. നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എം. പി. സൈമണൽ, ലത്തീഫ് പൂഴിത്തറ, കെ. വി. സരള, ബിഗ് ന്യൂസ് ആലുവ റിപ്പോർട്ടർ ശ്രീകുമാർ മുല്ലേപ്പിള്ളി, സെയിൽസ് ഓഫീസർ ജി. ബാബു, കൊച്ചി യൂണിറ്റ് അസിസ്റ്റന്റ് സർക്കുലേഷൻ മാനേജർ മണികണ്ഠൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.



ഭജനമഠത്തിന്റെ നേതൃത്വത്തിൽ ശിവരാത്രി മണൽപ്പുറത്ത് നടത്തിയ അന്നദാനത്തിന്റെ ഉദ്ഘാടനം അൻവർ സാദത്ത് എം എൽ.എ. നിർവ്വഹിക്കുന്നു.

**ആലുവ ബ്യൂറോ ഓഫീസ്**

റോയൽ പ്ലാസ, 3 rd ഫ്ളോർ

ബൈപാസ് ജംഗ്ഷൻ, ആലുവ

ഫോൺ : 9846006856

# സുരക്ഷാ ക്രമീകരണങ്ങൾ ഐജി വിലയിരുത്തി

ആലുവ : ശിവരാത്രി ദിനമായ ഇന്നലെ ആലുവമണൽപ്പുറത്തെ സുരക്ഷാ സംവിധാനം ഐജി. പത്മകുമാർ എത്തി വിലയിരുത്തി. ആലുവ മണൽപ്പുറവും, ബലിതർപ്പണം നടക്കുന്ന കടവുകളും ഐജി പരിശോധിച്ചു. ഹൈക്കോടതി നിർദ്ദേശമുള്ളതിനാൽ കർശന സുരക്ഷയാണ് പലീസ് ഇത്തവണ ഒരുക്കിയിരുന്നത്. രാവിലെ 10ന് ആലുവയിൽ എത്തിയ ഐജി എസ്ഐ മുതൽ മുകളിലുള്ള ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ പങ്കെടുത്തു. അതിന് സേഷം മണൽപ്പുറത്തെത്തിയ അദ്ദേഹം താൽക്കാലിക പൊലീസ് സ്റ്റേഷൻ ഉദ്ഘാടനം യെ്തു. മണൽപ്പുറത്തെ താത്ക്കാലിക കൺട്രോൾ റൂമിൽ സ്ഥാപിച്ചിട്ടുള്ള സിസിടിവിയുടെ പ്രവർത്തനവും ഐജി ഉദ്ഘാടനം ചെയ്തു. റൂറൽ എസ്പി പി. കെ. ഫിലിപ്പ്, ഡിവൈ. എസ്. പിമാരായ എ. അനിൽകുമാർ, ആർ. സലിം, സിഐ ജയകൃഷ്ണൻ, എസ്.ഐ. നിഷാദ് ഇബ്രാഹിം എന്നിവരും ഐജിയോടൊപ്പം ഉണ്ടായിരുന്നു.



## കലാഭവൻ വേണുഗോപാൽ നിര്യാതനായി

ആലുവ : പ്രൊഫഷണൽ ഗാനമേളകളിലൂടെ പ്രശസ്തനായ കലാഭവൻ വേണുഗോപാൽ എന്നറിയപ്പെടുന്ന കിഴക്കെ കടുങ്ങല്ലൂർ ആലങ്ങായി പള്ളത്ത് വീട്ടിൽ വേണുഗോപാൽ (56) നിര്യാതനായി. കഴിഞ്ഞ 40 വർഷക്കാലമായി നിരവധി വേദികളിൽ പാടി തന്റേതായ വ്യക്തിമുദ്രപതിപ്പിച്ച വ്യക്തിയാണ് വേണുഗോപാൽ. കെ. പി. എ. സി. സുലോചന, കൊച്ചിൻ കലാഭവൻ, ആലപ്പുഴ ബ്ലൂ ഡയമണ്ട്സ്, ആലപ്പുഴ ക്ലാപ്സ് എന്നീ ട്രൂപ്പുകളിൽ ദീർഘനാൾ ഗായകനായിരുന്നു. കുറച്ച് നാളുകളായി വൃക്ക രോഗബാധിതനായി ചികിത്സയിലായിരുന്നു. ഭാര്യ പരേതയായ ചന്ദ്രിക. മക്കൾ : പ്രമദ, പ്രീത. മരുമകൻ : ശ്രീകുമാർ. സംസ്ക്കാരം ഉച്ച കഴിഞ്ഞ് യു. സി. കോളേജ് തോട്ടക്കാട്ടുകര നായർ സമാജം ശ്മശാനത്തിൽ.



## വാഴക്കുളം ബൈബിൾ കൺവെൻഷൻ നാളെ ആരംഭിക്കും

മൂവാറ്റുപുഴ: വാഴക്കുളം ബൈബിൾ കൺവെൻഷൻ നാളെ ആരംഭിക്കം. കർമ്മല ആശുപത്രി ദേവാലയത്തിൽ നടക്കുന്ന കൺവെൻഷൻ വൈകിട്ട് 4.30ന് ഫാ. ബാബു മറ്റത്തിലിന്റെ നേതൃത്വൽ ദിവ്യബലി, ഗാന ശുശ്രൂഷ, 6ന് ഫാ. പോൾ നെടുമ്പുറത്ത് ബൈബിൾ പ്രതിഷ്ഠയും ഉദ്ഘാടനവും നടത്തും.